**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3676** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ. (സാധാ) നം. 704/2022/LSGD, തീയതി.22.03.2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br><br>പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്.<br><br>നിലവിൽ കൊല്ലയിൽ, കുന്നത്തുകാൽ, എളവള്ളി, ചാത്തമംഗലം, എടവണ്ണ, പത്തിയൂർ, ചേന്ദമംഗലം, കല്ലറ എന്നീ പഞ്ചായത്തുകളിലും കട്ടപ്പുരത്തി (2എണ്ണം), മാനന്തവാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലുമായി 12 ഗ്രാമവണ്ടി സർവ്വീസുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് ഗ്രാമവണ്ടി ഉടൻ തുടങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടുതൽ പഞ്ചായത്തുകൾ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് സ്ഥായിയായ |

| | | | |
|---|---|---|---|
| | | | **വരുമാന വർദ്ധനവിനും നഷ്ടം കുറയ്ക്കുവാനും സഹായിക്കും.** |
| (ബി) | ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ (24.2.2023) 12 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിക്കുകയും 52 റൂട്ടുകളിലൂടെ സർവ്വീസ് നടത്തുകയും ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ